**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2142** **12-02-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ വിമാനത്താവളങ്ങളുടെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ എം മുകേഷ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനം വിമാനത്താവളങ്ങളുടെ വികസനത്തിനായി നടത്തിവരുന്ന ശ്രമങ്ങളോട് കേന്ദ്ര സർക്കാരിന്റെ സമീപനം എപ്രകാരമാണെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാന സർക്കാരിന്റെ മുൻഗണനാ പദ്ധതിയായ ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവള പദ്ധതിയ്ക്ക് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ 'സൈറ്റ് ക്ലിയറൻസ്' അനുമതി 2023 ഏപ്രിൽ 13-നും, കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിന്റെ ഡിഫൻസ് ക്ലിയറൻസ് 2023 ജൂൺ 30-നും ലഭിച്ചു. കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൽ നിന്നും 'സെക്യൂരിറ്റി ക്ലിയറൻസ്' ലഭിക്കുന്നതിനുള്ള അപേക്ഷ കെ.എസ്.ഐ.ഡി.സി 10.10.2023 -ന് ഓൺലൈൻ ആയി സമർപ്പിച്ചരുന്നു. കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിൽ നിന്നും പാരിസ്ഥിതികാനുമതി ലഭിക്കുന്നതിലേയ്ക്കായുള്ള നടപടികൾ പുരോഗമിക്കുകയാണ്. ഇതിനുവേണ്ടി പരിസ്ഥിതി ആഘാത വിലയിരുത്തൽ പഠനം പൂർത്തിയാക്കുകയും കരട് റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.<br><br>കണ്ണൂർ വിമാനത്താവളത്തിന് point of call അനുവദിക്കുന്നതിന് പല തവണ ആവശ്യപ്പെട്ടെങ്കിലും അനുവദിച്ചിട്ടില്ല. തിരുവനന്തപുരം വിമാനത്താവളം സൗന്ദര്യവല്ക്കരിച്ചിട്ടുണ്ട്. കോഴിക്കോട് വിമാനത്താവളത്തിന്റെ RESA വികസനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ 17.08.2023 നു 03.11.2023 നു ടെൻഡർ വിളിക്കുകയും 16.12.2023 ന് സാമ്പത്തിക ബിഡ് തുറക്കുകയും ചെയ്തിട്ടുണ്ട്. അവരുടെ മേൽനോട്ടത്തിൽ ബിഡ് പരിശോധനയും തുടർ നടപടികളും പുരോഗമിക്കുകയാണ്. |
| (ബി) | ദേശീയതലത്തിൽ എയർപോർട്ടുകൾ സ്വകാര്യവൽക്കരിക്കുന്നതിനായി ലേലത്തിൽ വച്ചപ്പോൾ തിരുവനന്തപുരം എയർപോർട്ടിന്റെ | (ബി) | തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നടത്തിപ്പ് സ്വകാര്യ ബിഡ്ഡറിന് നൽകുന്ന തീരുമാനം പുന:പരിശോധിക്കുവാനും ആവശ്യമുള്ള പക്ഷം സംസ്ഥാന സർക്കാരിനുകൂടി പങ്കാളിത്തമുള്ള ഒരു |

| | | | |
|---|---|---|---|
| | നടത്തിപ്പ് സംസ്ഥാനത്തിന് കൈമാറണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നോ; വ്യക്തമാക്കുമോ; | | സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) രൂപീകരിച്ച് വിമാനത്താവളത്തിന്റെ നടത്തിപ്പ് ഏറ്റെടുക്കുവാൻ സന്നദ്ധത അറിയിച്ചും വിശദമായ കത്തുകൾ 26.09.2020, 01.12.2020 തീയതികളിൽ കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന് സമർപ്പിച്ചിരുന്നു. |
| (സി) | പ്രസ്തുത ലേലത്തിൽ തിരുവനന്തപുരം എയർപോർട്ടിനായി ക്വാട്ട് ചെയ്യുന്ന ഉയർന്ന തുക സംസ്ഥാനം നൽകാമെന്ന് വാഗ്ദാനം ചെയ്തിരുന്നോ; എങ്കിൽ തുടർന്ന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (സി) | കേരള സർക്കാരിന്റെ പേരിൽ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിനായി ലേല പ്രക്രിയയിൽ പങ്കെടുക്കുവാൻ കെ.എസ്.ഐ.ഡി.സിയെ ചുമതലപ്പെടുത്തിയിരുന്നു. അതിനായി തിരുവനന്തപുരം ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് (TIAL) എന്ന പേരിൽ ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) രൂപീകരിക്കുകയും ലേല പ്രക്രിയയിൽ പങ്കെടുക്കുകയും ചെയ്തിരുന്നു. പിന്നീട് ലേലം നഷ്ടപ്പെട്ട സാഹചര്യത്തിൽ TIAL-ന്റെ പ്രവർത്തനങ്ങൾ അവസാനിപ്പിക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകുകയാണ്. |
| (ഡി) | തിരുവനന്തപുരം എയർപോർട്ടിൽ നിന്നും കൂടുതൽ ആഭ്യന്തര, വിദേശ സർവ്വീസുകൾ ആരംഭിക്കുന്നതിന് ആവശ്യമായ ഇടപെടൽ നടത്തുമോ; വിശദവിവരം ലഭ്യമാക്കാമോ? | (ഡി) | സംസ്ഥാനത്ത് നിന്നും കൂടുതൽ ആഭ്യന്തര, വിദേശ വിമാന സർവ്വീസുകൾ ആരംഭിക്കുന്നതിനായി കേന്ദ്ര സർക്കാരിൽ ഇടപെടലുകൾ നടത്തിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ